# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1028 — 12.06.2014-ലെ മറുപടിക്ക്

## കുനിശ്ശേരി എൽ.പി.എസ്സിൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതിലെ തടസ്സം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കുനിശ്ശേരി ഗവൺമെന്റ് എൽ.പി. സ്കൂളിൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതു സംബന്ധിച്ച പരാതി നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കുമോ ; | (ബി) സ്കൂൾ പി.ടി.എ. ഫയൽ ചെയ്ത കേസിന്മേലുള്ള വിധിന്യായപ്രകാരം 31.03.2014-ൽ സർക്കാർ തലത്തിൽ ഹിയറിംഗ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ 26.05.2014-ലെ ജി.ഒ. (ആർ.ടി.) 2063/14/പൊ.വി.വ. പ്രകാരം കുനിശ്ശേരി, ഗവൺമെന്റ് എൽ.പി. സ്കൂളിൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. |
| (സി) കുനിശ്ശേരി ഗവൺമെന്റ് എൽ.പി. സ്കൂളിൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതിൽ എന്തെങ്കിലും തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (സി) കുനിശ്ശേരി, ഗവൺമെന്റ് എൽ.പി. സ്കൂൾ പെൺകുട്ടികളുടെ സ്കൂളാണ്. കെ.ഇ.ആർ. അദ്ധ്യായം VI ചട്ടം 12 പ്രകാരം ഗേൾസ് സ്കൂളിൽ ആൺകുട്ടികളെ പ്രവേശിപ്പിക്കുന്നതിന് വിലക്കുണ്ട്. |
| (ഡി) രക്ഷകർത്താക്കളുടെ ആശങ്ക പരിഹരിക്കുന്നതിന് അടിയന്തിരമായ നടപടി സ്വീകരിക്കുമോ ? | (ഡി) 26.05.2014-ലെ ജി.ഒ. (ആർ.ടി.) 2063/14/പൊ.വി.വ. പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ